**നാരങ്ങാനം ഗ്രാമപഞ്ചായത്ത് കാര്യാലയം**

**നാരങ്ങാനം പി.ഒ,പത്തനംതിട്ട–689642**

**ഫോൺ:0468 - 2216094,naranganam.gp@gmail.com**

**നമ്പർ : 4230884–2026** **തീയതി : 20/05/2026**

# നാരങ്ങാനം ദർഘാസ് പരസ്യം

നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ 2026–27 വാർഷിക പദ്ധതിയിലുൾപ്പെട്ട ചുവടെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു .

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിൻറെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ഫോറം വില ടി.എസ്.ജി+ | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|---|
| 1 | 3/27 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 300000 | 7500 | 600+ജി.എസ്.ടി ( 18 %) | 15000 |
| 2 | 4/27 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി | 300000 | 7500 | 600+ജി.എസ്.ടി ( 18 % ) | 15000 |

ടെൻഡർ ഫോമുകൾ വിതരണം ചെയ്യുന്ന അവസാന തീയതി– 09/06/2026 12 pm വരെ.
ടെൻഡർ ഫോമുകൾ സ്വീകരിക്കുന്ന അവസാന തീയതി – 09/06/2026 3 pm വരെ
ടെൻഡർ തുറന്നു പരിശോധിക്കുന്ന തീയതി – 09/06/2026 3 pm

## നിബന്ധനകൾ

1. അപേക്ഷ സമർപ്പിക്കുന്ന കവറിന് പുറത്ത് പ്രവർത്തിയുടെ പേര് വ്യക്തമായി എഴുതേണ്ടതാണ്

2. സപ്ലൈ ചെയ്യുന്ന സാധനങ്ങളിൽ ഐഎസ്ഐ മാർക്കുള്ളവയുടെ നിരക്കാണ് രേഖപ്പെടുത്തുന്നത് എങ്കിൽ ആ വിവരം പ്രത്യേകം കാണിക്കേണ്ടതാണ്. ഐ എസ് ഐ / BIS മാർക്കുള്ള മുൻഗണന നൽകുന്നതാണ്. സാധനങ്ങളുടെ ഗുണമേന്മ സപ്ലയർ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും ഗ്രാമപഞ്ചായത്ത് പറയുന്ന സ്ഥാപനത്തെ കൊണ്ട് സാക്ഷ്യപ്പെടുത്തി തരേണ്ടതാണ്.

3. ഓരോ ഐറ്റത്തിന്റെയും എല്ലാവിധ നികുതി ഉൾപ്പെടെ സപ്ലൈ ചെയ്യുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

4. എൽഇഡി ബൾബുകൾക്ക് ഒരു വർഷത്തെ വാറണ്ടി നൽകേണ്ടതും ആയത് കരാറിൽ പ്രതിപാദിക്കേണ്ടതുമാണ് .

5. ടെൻഡർ അംഗീകരിച്ച അറിയിപ്പ് ലഭിക്കുന്ന കരാറുകാരൻ /അംഗീകൃത സ്ഥാപനം ഏഴ് ദിവസത്തിനുള്ളിൽ 200/- രൂപ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും സെക്യൂരിറ്റി തുക ഒടുക്കേണ്ടതുമാണ്.

6. എല്ലാ നികുതികളും കയറ്റിറക്ക് ചാർജ് ഉൾപ്പെടെയുള്ള നിരക്കാണ് ടെൻഡറിൽ കാണിക്കേണ്ടത് .

7. സാധനങ്ങൾക്ക് യാതൊരു കാരണവശാലും അഡ്വാൻസ് അനുവദിക്കുന്നതല്ല .
8. സെക്യൂരിറ്റി തുക വാറണ്ടി / പ്രോജക്ട് കാലാവധി കഴിഞ്ഞ് കഴിഞ്ഞതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

9. നിശ്ചിതനിരത ദ്രവ്യവും 200/- രൂപ മുദ്രപത്രത്തിലുമുള്ള പ്രാഥമിക ഉടമ്പടിയും ഇല്ലാത്ത ടെൻഡർ നിരസിക്കുന്നതാണ് .

10. സർക്കാർ ഉത്തരവ് പ്രകാരം നിരത ദ്രവ്യവും ഫോറം വിലയും ഒഴിവാക്കിയിട്ടുള്ള സ്ഥാപനമാണെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പോ ജില്ലാ വ്യവസായ ഓഫീസറുടെ സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്. ഉത്തരവുകളിൽ വ്യക്തതയില്ലാത്ത പക്ഷം ഒരു കാരണവശാലും ഇളവ് അനുവദിക്കുന്നതല്ല .

11. ടെൻഡർ സ്വീകരിക്കുന്ന ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ നടപടികൾ നടത്തുന്നതാണ്.

12. യാതൊരു കാരണവും കൂടാതെ ടെൻഡറുകൾ നിരസിക്കുവാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ് .

13. പ്രൊക്യൂമെന്റ് മാനുവൽ സ. ഉ (പി) 259 / 2010 തസ്വഭവ തീയ്യതി 08 / 10/ 2010 പ്രകാരം ഉള്ള എല്ലാ നിബന്ധനകളും മറ്റ് സർക്കാർ ഉത്തരവുകളും ഇതിന് ബാധകമായിരിക്കുന്നതാണ്.

14. സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് തൃപ്തിപ്പെട്ടതിനുശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ .

15. ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ ഐറ്റങ്ങൾക്ക് നിരക്കുകൾ രേഖപ്പെടുത്താത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.

16. സാധനങ്ങളുടെ സ്റ്റോക്ക് തീരുന്നതിന് അനുസരിച്ച് സപ്ലൈ ഓർഡറുകൾ നൽകുന്നപക്ഷം പരമാവധി അഞ്ച് ദിവസത്തിനുള്ളിൽ സാധനങ്ങൾ സപ്ലൈ ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥൻ ആയിരിക്കും. സമയത്ത് സപ്ലൈ ചെയ്യാത്തത്

മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ് .

**തെരുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നമ്പർ 3/27) - പ്രകാരം സപ്ലൈ ചെയ്യേണ്ട സാധനങ്ങൾ**

എൽഇഡി ബൾബ് -12 വാട്ട്
സെൻസർ
പെൻഡന്റ് ഹോൾഡർ
അലുമിനിയം വയർ -1.5 sqmm
ഇൻസുലേഷൻ ടേപ്പ്
ഷേഡ് ( അലുമിനിയം ,സ്റ്റെയിൻലെസ് സ്റ്റീൽ )

**<u>തെരുവ് വിളക്ക് അറ്റകുറ്റപ്പണി ( പ്രോജക്റ്റ് നമ്പർ 4/ 27 )</u>**

നാരങ്ങാനം പഞ്ചായത്തിലെ 14 വാർഡുകളിലായി പൊതു നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത പോസ്റ്റുകളിലെ തെരുവുവിളക്കുകൾ മെയിൻറനൻസ് നടത്തിയും കേടുവന്ന ബൾബുകളും മറ്റ് അനുബന്ധസാമഗ്രികളും മാറ്റി സ്ഥാപിച്ച പ്രവർത്തനക്ഷമമാക്കി നൽകുന്നതിന് ഒരു പോസ്റ്റിൽ പ്രവൃത്തി നടത്തുന്നതിന് ഹോൾ ഒന്നിനുള്ള പരമാവധി നിരക്കാണ് (എല്ലാവിധ ചെലവുകളും ഉൾപ്പെടെ ഡ്രൈവറുടെ കൂലി,വാഹനത്തിന്റെ ഇന്ധനം,ഏണി,അറ്റകുറ്റപ്പണി മുതലായവ ) രേഖപ്പെടുത്തേണ്ടതാണ്.

1. തെരുവ് വിളക്കുകളുടെ റിപ്പയറിങ്ങിന് ആവശ്യമായ സാധനങ്ങൾ പഞ്ചായത്ത് നൽകുന്നതാണ്.

2. ഏണി ഘടിപ്പിച്ച വാഹനത്തിനോടോപ്പം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നതിന് ആവശ്യമായ പണിയായുധങ്ങൾ ഇലക്ട്രീഷ്യന്മാർ കരുതേണ്ടതാണ് .

3.തെരഞ്ഞെടുക്കുന്നവർ സ്വന്തം ചെലവിൽ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും ഇൻഷ്വറൻസ് എടുക്കേണ്ടതുമാണ്.

4. കേരള ഇലക്ട്രിക്കൽ ലൈസൻസിംഗ് ബോർഡിന്റെ ബി ക്ലാസ് ലൈസൻസ് ഉള്ള കരാറുകാരാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ലൈസൻസിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.

5. തെരുവ് വിളക്ക് അറ്റകുറ്റപ്പണി ടെൻഡർ എടുക്കുന്നവർ വർക്കിന് ശേഷം പോസ്റ്റിന്റെ നമ്പറുകളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിഹാജരാക്കേണ്ടതാണ്

OFFICE OF THE NARANGANAM GRAMA PANCHAYAT
Naranganam P.O.
Pathanamthitta Dist.
Pin - 689 642

Secretary
Naranganam Grama Panchayat